(എ) മൂന്നാം പദ്ധതിയിൽ നീക്കിവെച്ചിരുന്ന തുക ഓരോ ഇനത്തിലും എത്ര ചെലവായെന്ന വ്യക്തമാക്കുമോ;

(ബി) അടുത്തവർഷത്തേക്കു് കേരളത്തിനു് ഓരോ ഇനത്തിലും ആകെയും അനുവദിച്ചിട്ടുള്ള തുക എത്ര;

(സി) പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ചു് അസംബ്ലിയിൽ ഒരു ചർച്ച നടത്താൻ ഗവണ്മെന്റു മുൻകൈ എടുക്കുമോ;

(ഡി) ആകെ വ്യവസായിക–കാർഷിക മേഖലകളിൽ പദ്ധതി കാലയളവിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയുടെ നില എന്താണു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) മൂന്നാം പദ്ധതിയിൽ സംസ്ഥാന പദ്ധതികൾക്കായി ഓരോ ഇനത്തിലും നീക്കിവെച്ചിട്ടുള്ള തുകയും 1963 ഡിസംബർ അവസാനംവരെ ചെലവായ തുകയും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു് മേശപ്പുറത്തുവച്ചിട്ടുണ്ടു്. †

(ബി) ഈ വിവരങ്ങൾ സഭയിൽ അവതരിപ്പിക്കുന്ന 1964-65 ലെ ബഡ്ജറ്റിൽനിന്നും ലഭിക്കുന്നതാണു്.

(സി) പദ്ധതിപ്രവർത്തനത്തെ സംബന്ധിച്ചു് ബഡ്ജറ്റു് ചർച്ച ചെയ്യുന്ന അവസരത്തിൽ വിശദമായി ചർച്ച ചെയ്യാവുന്നതാണു്. അതുകൊണ്ടു് പ്രത്യേകമായ നടപടിയൊന്നും ഗവണ്മെന്റു് കൈക്കൊള്ളേണ്ട ആവശ്യമില്ല.

(ഡി) ഈ മേഖലകളിൽ സാമാന്യം തൃപ്തികരമായ പുരോഗതി ഉണ്ടായിട്ടുണ്ടു്.

മി: സ്പീക്കർ: ചോദ്യം 6–നും 21–നുംകൂടി ഉത്തരം പറയാം.

മൂന്നാം പദ്ധതിയുടെ നാലാം വർഷത്തേക്കു് ചെലവാക്കാൻ ഉദ്ദേശിക്കുന്നതുക

* 39. [21] ശ്രീ. കെ. എം. ജോർജ്ജു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പദ്ധതി നാലാം വർഷത്തേക്കു് കേരളത്തിനു് എത്ര രൂപയാണു് മൊത്തം ചെലവഴിക്കുവാൻ ലഭിക്കുന്നതു്:

(ബി) ഇതിൽ കേന്ദ്രവിഹിതം എത്ര;

(സി) ഈ നാലാം വർഷം വിദ്യുച്ഛക്തി ഉല്പാദനത്തിനു് എത്രതുക വകയിരുത്തുന്നു; ഓരോ പദ്ധതിക്കും എത്രവീതം?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : (എ, ബി, സി) 1964-65–ലെ ബഡ്ജറ്റിനു് അവസാനരൂപം നൽകിവരുന്നതേയുള്ളു. ആ ബഡ്ജറ്റു് പ്രമാണങ്ങളിൽനിന്നു് ഈ വിവരങ്ങൾ ലഭിക്കുന്നതാണു്.

വികസന പ്രവർത്തനങ്ങൾ.

* 40. [6] ശ്രീ. പി. എസ്. കാർത്തികേയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ വിവിധ വികസന പ്രവർത്തനങ്ങൾക്കു് 1963–64 സാമ്പത്തികവർഷത്തിൽ മൊത്തം എത്ര രൂപ ചെലവാക്കുന്നതിനാണു് അടങ്കൽ കൊള്ളിച്ചിരുന്നതു്;

(ബി) അതിൽ 1963 ഡിസംബർ അവസാനംവരെ എത്ര രൂപ ചെലവായി;

(സി) ബാക്കിരൂപ ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പു് ചെലവാക്കാൽ സാധിക്കുമോ;

(ഡി) 1964–65 സാമ്പത്തികവർഷത്തെ വികസനപ്രവർത്തനങ്ങൾക്കു് മൊത്തം എത്ര രൂപ ചെലവാക്കാൻ ഉദ്ദേശിക്കുന്നുവെന്നു പറയാമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) സംസ്ഥാനത്തെ വിവിധ വികസനപ്രവർത്തനങ്ങൾക്കു് 1963-64 സാമ്പത്തികവർഷത്തിൽ സംസ്ഥാന പദ്ധതികൾക്കു് മൊത്തം 32·88 കോടി രൂപയും കേന്ദ്രപദ്ധതികൾക്കായി 5·06 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടു്. 5·06 കോടി രൂപയിൽ സംസ്ഥാനവിഹിതവും ഉൾപ്പെടുന്നു.

(ബി) അതിൽ 1963 ഡിസംബർ അവസാനംവരെ പ്രാരംഭ കണക്കുകളനുസരിച്ചു് സംസ്ഥാനപദ്ധതികൾക്കു് 16. 38 കോടി രൂപയും കേന്ദ്ര പദ്ധതികൾക്കായി 1.83 കോടി രൂപയും ചെലവായി. 1.83 കോടി രൂപയിൽ സംസ്ഥാനവിഹിതവും ഉൾപ്പെടുന്നു.

(സി) ബാക്കിരൂപ ഈ സാമ്പത്തികവർഷം അവസാനിക്കുന്നതോടുകൂടി ചെലവാക്കുവാൻ സാധിക്കുമെന്നാണു് പ്രതീക്ഷ.

(ഡി) 1964–65 സാമ്പത്തികവർഷത്തെ വികസനപ്രവർത്തനങ്ങൾക്കു് ചെലവാക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം രൂപ പ്രസ്തുത വർഷത്തേക്കുള്ള ബഡ്ജറ്റു പ്രമാണങ്ങളിൽനിന്നും ലഭിക്കുന്നതാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ബഡ്ജറ്റു വരുമ്പോൾ എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുന്നതാണു്. ഈ ആവശ്യത്തെ സംബന്ധിച്ചു് പ്രത്യേകമായി കേന്ദ്രപാർലമെന്റിൽ ഒരു വിലയിരുത്തൽ നടത്തിയതുപോലെ സാംസ്ഥാനിക നിലവാരത്തിലും ഇതൊന്നു ചർച്ച ചെയ്യുന്നതിനു് എന്തെങ്കിലും നടപടി എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഏതാനും ദിവസങ്ങൾക്കകം ബഡ്ജറ്റു പ്രമാണങ്ങൾ ഈ സഭയിൽ ഹാജരാക്കുകയും വിശദമായ ചർച്ച നടക്കുകയും ചെയ്യുന്ന സ്ഥിതിക്കു് ഇപ്പോൾ ഇങ്ങനെ ഒരു വിലയിരുത്തൽ ആവശ്യത്തെ സംബന്ധിച്ചു് വാദപ്രതിവാദം നടത്തേണ്ട ആവശ്യമില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ഓരോ ഡിപ്പാർട്ടുമെന്റിലേക്കും മാറ്റി വച്ചിട്ടുള്ള തുകയിൽ ഏറ്റവും കുറച്ചു് ചെലവാക്കിയതു് ഏതു ഡിപ്പാർട്ടുമെന്റാണെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : അതു നോക്കി കണ്ടുപിടിക്കാൻ അൽപസമയം എടുക്കും. ആ കാര്യങ്ങളെല്ലാം ലിസ്റ്റിലുണ്ടു്.

ശ്രീ. കെ. ഹസ്സൻ ഗനി : 1963–64-ലെ പദ്ധതിപ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവച്ച തുകയിൽ 1963 ഡിസംബർ 31-ാം തീയതി വരെ എത്ര ശതമാനം ചെലവായി എന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : അതാണു് 16·38 കോടി രൂപ ചെലവായി എന്നു ഞാൻ നേരത്തേ പറഞ്ഞതു്. അതു് എത്ര ശതമാനം വരുമെന്നുള്ളതു് കണക്കുകൂട്ടി നോക്കാവുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണൻകുട്ടി : പ്ലാനിംഗിന്റെ ടേൽനോട്ടം വഹിക്കുന്നതിന് സ്റ്റേറ്റ് നിലവാരത്തിൽ ഒരു പ്ലാനിംഗ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണെന്ന ഗവൺമെന്റ് പറഞ്ഞിട്ട് കൊല്ലങ്ങളും പലതു കഴിഞ്ഞു. ആ പരിഗണന പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകും ?

ശ്രീ. ആർ. ശങ്കർ : പൂർത്തിയായിട്ടില്ല. എന്നത്തേക്ക് പൂർത്തിയാകുമെന്നു പറയാൻ പ്രയാസമാണ്.

ശ്രീ. ഈ. പി. ഗോപാലൻ : പ്ലാനിംഗ് ബോർഡ് പ്ലാൻ തയ്യാറാക്കുന്നതിനെ സംബന്ധിച്ചിടത്തോളം അതേപ്പറ്റി വിലയിരുത്തി ചർച്ചചെയ്ത് പോരായ്മകളും കണക്കിലെടുക്കുന്നതാണ്. പ്ലാനിംഗ് ബോർഡ് ഇപ്പോഴും നടപ്പിലുണ്ടോ ? ഉണ്ടെങ്കിൽ പ്ലാനിംഗ് ബോർഡിനു ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു തീരുമാനം എടുക്കാൻ എന്താണ് ഇത്ര കാലതാമസം ? പ്ലാൻ ഇനി നടപ്പാക്കാൻ പോകുന്നേയുള്ളോ ? ബഡ്ജറ്റ് പ്ലാൻ വരുന്നതിനു മുമ്പേയുണ്ട്. ഇവിടെ പ്ലാനും ബഡ്ജറ്റുംകൂടി കൂട്ടിക്കുഴച്ചു പറയുകയാണ്. പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കുകളെ സംബന്ധിച്ചിടത്തോളം എത്രകണ്ട് പൂർത്തിയായിട്ടുണ്ട്, എത്രകണ്ട് പൂർത്തിയായിട്ടില്ല, പൂർത്തിയാകാതിരിക്കാനുള്ള കാരണമെന്താണ് എന്നീ കാര്യങ്ങളെ സംബന്ധിച്ച് ഒന്നു വിലയിരുത്താൻ സംസ്ഥാന നിയമസഭയ്ക്ക് ഒരു അവസരം ഉണ്ടാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ബഡ്ജറ്റ് കഴിഞ്ഞിട്ടുള്ള കാര്യങ്ങളും പിന്നീട്മാത്രം ചർച്ച ചെയ്യേണ്ടതാണ്. ഈ കൊല്ലത്തെ സംബന്ധിച്ചുള്ള വിവരങ്ങളാണ് ഞാൻ സഭയിൽ വായിച്ചത്.

വാർദ്ധക്യകാല പെൻഷൻ.

* 41. [4] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ബി) കളക്ടറന്മാർക്ക് അധികാരം കൊടുത്തതിനുശേഷവും ആറു മാസം പഴക്കം ചെന്ന എത്ര അപേക്ഷകൾ തീരുമാനിക്കാതെ കിടപ്പുണ്ട് ;

(സി) 1960 ഡിസംബറിലും 1961-ലും കൊടുത്ത അപേക്ഷകൾ ഇനിയും തീരുമാനിക്കാത്തതെത്ര എറണാകുളം ജില്ലയിൽ ഉണ്ട് ;

(ഡി) എറണാകുളം ജില്ലയിൽ ആലുവാ ടൗണിൽ കൊച്ചുപാത്തുമ്മ (ഹസ്സൻ) എന്ന 80 വയസ്സുള്ള ഒരു സ്ത്രീ 26-12-1960-ൽ വാർദ്ധക്യകാല പെൻഷനു അപേക്ഷിച്ചിരുന്നോ ;

(ഈ) ഈ സ്ത്രീയുടെ ഒരു മകൻ കാൽ സ്വാധീനമില്ലാത്തയാളാണെന്നും തൊഴിൽ ചെയ്യാൻ സാധിക്കുകയില്ലെന്നും, അമ്മയെ രക്ഷിക്കാൻ സാധ്യമല്ലെന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുകയുണ്ടായോ ;

(എഫ്) മകന്റെ മക്കൾ ഒമ്പതു കുട്ടികളാണെന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ ;

(ജി) ഈ കൊച്ചുപാത്തുമ്മയ്ക്ക് മറ്റാരും ആശ്രയമില്ലെന്നതിനു എല്ലാ രേഖകളും സമർപ്പിച്ചതിനുശേഷം അവർക്ക് പെൻഷൻ അനുവദിക്കാതിരിക്കാൻ കാരണമെന്താണ് ;

(എച്ച്) എന്നാണ് ഈ അപേക്ഷയിന്മേൽ തീരുമാനം ഉണ്ടായത് ;

(ഐ) ഈ അപേക്ഷ പുനഃപരിശോധിക്കാൻ നിർദ്ദേശിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly